# കണ്ണൂർ സർവ്വകലാശാല

## (സംഗ്രഹം)

2014-നു മുൻപ് ബിരുദ കോഴ്സുകളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പുനഃപ്രവേശനം നൽകുന്നതിനുള്ള നിബന്ധനകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് 'ഡി' വിഭാഗം

നം. അക്കാദ്. ഡി4/10843/റീ-അഡ്മിഷൻ/2016 സിവിൽ സ്റ്റേഷൻ (പി.ഒ), തീയതി : 17/04/2017

പരാമർശം:- 1. 14.03.2014-ലെ അക്കാദ് സി.2/2232/2014 നമ്പർ സർവ്വകലാശാല ഉത്തരവ്.
2. 04.07.2014-ലെ അക്കാദ് സി.2/2232/2014 നമ്പർ സർവ്വകലാശാല ഉത്തരവ്.
3. സിൻഡിക്കേറ്റ് യോഗത്തിന്റെ 2017.051-ാം നമ്പർ മിനുട്സ്.
4. സിൻഡിക്കേറ്റ് യോഗത്തിന്റെ 2017.140-ാം നമ്പർ മിനുട്സ്.

..............

1. പരാമർശം (1) പ്രകാരം 2014-ൽ കണ്ണൂർ സർവ്വകലാശാലയിൽ ബിരുദ കോഴ്സിന് സി.ബി.സി.എസ്.എസ്. സമ്പ്രദായം നടപ്പിലാക്കി ഉത്തരവിറങ്ങിയിട്ടുണ്ട്.

2. സി.ബി.സി.എസ്.എസ്. സമ്പ്രദായം സർവ്വകലാശാലയിൽ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാമർശം (2) പ്രകാരം ഒരു സ്റ്റിയറിംഗ് കമ്മറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

3. 2014 പ്രവേശനം മുതൽ, പാറ്റേണും സിലബസും മാറിയതിനാൽ, അതിനു മുൻപ് ബിരുദ കോഴ്സുകളിലേക്ക് പ്രവേശനം നേടി ഇടയിൽ വച്ച് പഠനം നിർത്തിയ വിദ്യാർത്ഥികളുടെ പുനഃപ്രവേശനം സംബന്ധിച്ച് ഒരു ഫോർമുല തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രൊഫ: എം. പി. നാരായണൻ, ഡീൻ-ഫാക്കൽറ്റി ഓഫ് സയൻസ്, ശ്രീ. ബേബി തോമസ്, ചെയർമാൻ - യു.ജി.ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവരടങ്ങിയ ഒരുസബ്-കമ്മറ്റിയെ ചുമതലപ്പെടുത്തുവാൻ 03.08.2015-ന് ചേർന്ന സ്റ്റിയറിംഗ് കമ്മറ്റി യോഗം തീരുമാനിക്കുകയുണ്ടായി. തദനുസൃതമായി, പ്രൊഫ: എം. പി. നാരായണൻ സമർപ്പിച്ച, പുനഃപ്രവേശനവുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് 22.08.2015 ന് ചേർന്ന സ്റ്റിയറിംഗ് കമ്മറ്റി അംഗീകരിക്കുകയുണ്ടായി.

4. കോഴ്സുകളുടെ ക്രെഡിറ്റ് തുല്യത തീരുമാനിക്കുവാൻ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച ബോർഡ് ഓഫ് സ്റ്റഡീസ് ചില കോഴ്സുകൾക്ക് ഒരു പേപ്പർ പോലും തുല്ല്യമാക്കുവാൻ പറ്റാത്ത സാഹചര്യമാണുള്ളതെന്ന് അറിയിക്കുകയുണ്ടായി. അതോടൊപ്പം, പുതിയ സിലബസുമായി പഴയ സിലബസിലെ പല സെമസ്റ്ററുകളും തുല്ല്യമാക്കുവാനാകാത്ത സാഹചര്യത്തിൽ വിദ്യാർത്ഥികൾ വിജയകരമായി പൂർത്തിയാക്കിയ മുഴുവൻ സെമസ്റ്ററുകളും പുതിയ സിലബസ് പ്രകാരം വീണ്ടും എഴുതേണ്ടിവരുന്നു. സിലബസ് മാറിയതിന്റെ പേരിൽ വിദ്യാർത്ഥികൾ നേരിടുന്ന വിഷമതകൾ ഒഴിവാക്കുവാൻ പ്രസ്തുത വിഷയത്തെക്കുറിച്ച് പഠനം നടത്തി ആവശ്യമായ തീരുമാനമെടുക്കുന്നതിന് വൈസ് ചാൻസലറുടെ ഉത്തരവിൻ പ്രകാരം സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുകയുണ്ടായി.

5. പ്രൊഫ: എം. പി. നാരായണൻ സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ അപ്രായോഗീകമായതിനാൽ, റിപ്പോർട്ട് സ്വീകരിക്കേണ്ടതില്ലായെന്ന് തീരുമാനിച്ച സിൻഡിക്കേറ്റ് താഴെ പ്രതിപാദിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരിക്കുന്നു. (പരാമർശം 3).

    i. 6-ാം സെമസ്റ്ററിലേക്ക് പുനഃപ്രവേശനം ആവശ്യപ്പെട്ട വിദ്യാർത്ഥികൾക്ക് പഴയ സ്കീം പ്രകാരം പരീക്ഷയെഴുതുവാൻ അനുവാദം നൽകാവുന്നതാണ്.

    ii. താഴെ പറയും നിബന്ധനകൾ പാലിച്ചുകൊണ്ട് പ്രസ്തുത വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തീകരിക്കുവാൻ ഒരു 'മേഴ്സി ചാൻസ്' അനുവദിക്കാവുന്നതാണ്.

(മറുപുറം)

a) 2014-നു മുൻപ് പ്രവേശനം നേടിയതും, 6-ാം സെമസ്റ്ററിലേക്ക് പുനഃപ്രവേശനം ആവശ്യപ്പെട്ടതുമായ വിദ്യാർത്ഥികളുടെ ഇന്റേണൽ മാർക്ക്, ബന്ധപ്പെട്ട പ്രിൻസിപ്പാളും വകുപ്പ് മേധാവിയും സർവ്വകലാശാലയിൽ സമർപ്പിക്കാമെന്നുള്ള ഒരു ഉറപ്പ് രേഖാമൂലം നൽകേണ്ടതാണ്.

b) ഇത്തരം വിദ്യാർത്ഥികളുടെ ഇന്റേണൽ അസസ്സ്മെന്റ്, തുടർന്നു വരുന്ന ബാച്ചിലെ വിദ്യാർത്ഥികളോടൊപ്പം, പഴയ സ്കീമിൽത്തന്നെ നടത്തേണ്ടതാണ്. പ്രിൻസിപ്പാളിൽനിന്നും പ്രസ്തുത വിദ്യാർത്ഥികളുടെ ഇന്റേണൽ മാർക്ക് ലഭിച്ചതിനു ശേഷം മാത്രമെ പരീക്ഷാഫലം പ്രസിദ്ധീകരിക്കാവൂ. അല്ലാത്ത പക്ഷം, വിദ്യാർത്ഥികൾക്ക് ഗ്രേഡ് കാർഡോ, മാർക്കോ ലഭിക്കുന്നതല്ല.

c) മേൽപ്പറഞ്ഞ നിബന്ധനകളോടൊപ്പം, 6-ാം സെമസ്റ്റർ കോഴ്സിലേക്ക് പുനഃപ്രവേശനം നേടുന്ന ദിവസം മുതൽ 75% ഹാജർനില പ്രസ്തുത വിദ്യാർത്ഥികൾക്ക് ഉണ്ടായിരിക്കേണമെന്നും സിൻഡിക്കേറ്റ് പരാമർശം (4) പ്രകാരം തീരുമാനിച്ചിരിക്കുന്നു.

6. ഇതോടൊപ്പം, 2014-നു മുൻപ് ബിരുദ കോഴ്സിലേക്ക് പ്രവേശനം നേടിയ ശേഷം രണ്ടു മുതൽ അഞ്ച് വരെയുള്ള സെമസ്റ്ററുകളിലേക്ക് പുനഃപ്രവേശനം അഭ്യർത്ഥിക്കുന്ന വിദ്യാർത്ഥികളുടെ വിഷയത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ നിർദ്ദേശിക്കുവാൻ വൈസ് ചാൻസലറുടെ ഉത്തരവിൻ പ്രകാരം സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിച്ചതിന്മേൽ, പ്രസ്തുത വിദ്യാർത്ഥികൾക്ക് നിലവിലുള്ള സിലബസ് അനുസരിച്ച് പുനഃപ്രവേശനം അനുവദിക്കാമെന്ന് പരാമർശം (4) പ്രകാരം തീരുമാനമെടുത്തിരിക്കുന്നു.

7. മേൽ പ്രതിപാദിച്ച വിവരങ്ങൾ വിശദമായി പരിശോധിച്ച വൈസ് ചാൻസലർ 5,6 ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്ന സിൻഡിക്കേറ്റ് തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

8. തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
ജോയിന്റ് രജിസ്ട്രാർ (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:
1. വി.സി യുടെ പി.എസ്
2. രജിസ്ട്രാർ/കൺട്രോളർ എന്നിവരുടെ പി.എ. മാർ
3. ഡി.ആർ, എ.ആർ (പരീക്ഷാ വിഭാഗം)
4. പരീക്ഷാ വിഭാഗം (ബിരുദം)
5. കമ്പ്യൂട്ടർ സെൽ
6. കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ജീ-17-04-17